# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6104

09/07/2013ൽ മറുപടി നൽകേണ്ടിയിരുന്നത്

## മലപ്പുറം ജില്ലയിൽ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. പി. ഉബൈദുള്ള | മുഖ്യമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ വകുപ്പുകളിൽ നിന്നും എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (എ) 2013 നവംബർ മാസംവരെ 87809 ഒഴിവുകളാണ് വിവിധ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. |
| (സി) കഴിഞ്ഞ സർക്കാരിന്റെ 5 വർഷക്കാലയളവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നുവെന്നും എത്ര നിയമനങ്ങൾ നടത്തിയെന്നും വ്യക്തമാക്കാമോ ; | (സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം 1,74,796-ഉം പി.എസ്.സി. നൽകിയ ശിപാർശയുടെ എണ്ണം 1,65,408 ഉം ആണ്. |
| (ഡി) മലപ്പുറം ജില്ലയിൽ വിവിധ വകുപ്പുകളിലെ എൽ.ഡി.സി., എൽ.ജി.എസ്. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) ജില്ലയിലെ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകുമോ ? | (ഇ) നിലവിലുള്ള ഒഴിവുകളും, 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും/നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**